**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 538** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കൈത്തറി മേഖലയുടെ ഉന്നമനത്തിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഖാദി കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിൽ ഒന്നായ വടകര മേഖലയിലെ കൈത്തറി സംഘങ്ങളുടെ ശോച്യാവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വടകര സർക്കിളിൽ ആകെ 7 കൈത്തറി സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. ആയതിൽ ചില സംഘങ്ങളിൽ വർക്ക്ഷെഡ് / ശുചിമുറി എന്നിവയുടെ നവീകരണം ആവശ്യമായിട്ടുണ്ട്. അതിനായുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള അർഹമായ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** ഇടിഞ്ഞുവീഴാറായ കെട്ടിടങ്ങളും അപകടാവസ്ഥയിലുള്ള മേൽക്കൂരയുമെല്ലാം സാധാരണക്കാരായ സംഘാംഗങ്ങൾക്കും തൊഴിലാളികൾക്കും ഭീഷണി ഉയർത്തുന്ന സാഹചര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കൈത്തറി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സംഘങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** റിബേറ്റും മറ്റാനുകൂല്യങ്ങളും ഉൾപ്പെടെ കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പലതും മുടങ്ങിയിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റിബേറ്റും മാറ്റാനുകൂല്യങ്ങളുമുൾപ്പെടെ കൈത്തറി മേഖലയിലെ ആനുകൂല്യങ്ങൾ പൂർണമായി മുടങ്ങിയിരിക്കുന്ന അവസ്ഥ നിലവിലില്ല. എന്നാൽ റിബേറ്റ് ഉൾപ്പെടെയുള്ള ചില പദ്ധതിയാനുകൂല്യങ്ങളിൽ കുടിശ്ശിക നിലവിലുണ്ട്. കൈ ത്തറി സംഘങ്ങൾ / തൊഴിലാളികൾ എന്നിവർക്ക് നിലവിലുള്ള റിബേറ്റ് / പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി അധിക തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**(ഡി)** എങ്കിൽ റിബേറ്റും മറ്റാനുകൂല്യങ്ങളും തൊഴിലാളികളുടെ ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യുന്നതിനും കൈത്തറി മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കൈത്തറി സംഘങ്ങൾ / തൊഴിലാളികൾ എന്നിവർക്ക് നിലവിലുള്ള റിബേറ്റ് / പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി അധിക തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്ക് പുറമേ മേഖലയിൽ ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കേന്ദ്ര പദ്ധതികളുടെ ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കുന്നതിനുമായി നടപടികൾ ആവിഷ്കരിച്ച് വരികയാണ്.

കൈത്തറിയിൽ നെയ്ത്ത് ആയാസരഹിതമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി നെയ്ത്തുകാരുടെ വരുമാനം വർധിപ്പിക്കുന്നതിനായി നവീന സാങ്കേതികവിദ്യ സമന്വയിപ്പിച്ചുകൊണ്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി) മദ്രാസുമായി ചേർന്ന് "ഹൈടെക് ഹാൻഡ്‌ലൂം" വികസിപ്പിച്ചെടുക്കുകയും 54 മാസ്റ്റർ ട്രെയിനർമാർക്ക് അതിൽ നെയ്ത്ത് പരിശീലനം ഇതിനകം നൽകിയിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾക്ക് "ഹൈടെക് ഹാൻഡ്‌ലൂം" സബ്സിഡിയോടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്

**സെക്ഷൻ ഓഫീസർ**